പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2497

12/02/2020 - ൽ മറുപടിക്ക്

## കെയർ കേരള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് കെയർ കേരള പദ്ധതി മുഖേന എത്ര വീടുകൾ ഇതുവരെ പൂർത്തിയാക്കി അനുവദിച്ചു എന്ന് അറിയിക്കുമോ; | എ) | കെയർ കേരള പദ്ധതിയുടെ ഉപ പദ്ധതിയായ കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. 2020 ജനുവരി 27 വരെ 1938 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 10 വീടുകൾ നിർമ്മാണം പൂർത്തിയായി കൈമാറ്റത്തിന് സജ്ജമായിട്ടുണ്ട്. |
| ബി) | എത്ര വീടുകളുടെ നിർമ്മാണം നിലവിൽ നടന്നു വരുന്നു എന്ന് അറിയിക്കുമോ; | ബി) | 74 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. |
| സി) | ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |
| ഡി) | വിശദാംശം അറിയിക്കുമോ? | ഡി) | കെയർ ഹോം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകിയ ശേഷം അവരുടെ കുടുംബത്തിനാവശ്യമായ തുടർക്ഷേമ പ്രവർത്തനങ്ങൾ കെയർഗ്രേസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, ഡിസാസ്റ്റർ മാനേജ് മെന്റ് കൈപ്പുസ്തകം, പ്രധാനപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കെയർ ഗ്രേസ് |

| | | | | |
|---|---|---|---|---|
| | | | | പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച കെയർഹോം വീടുകളുടെയും ഗുണഭോക്താക്കളുടെയും സമഗ്രമായ വിവര ശേഖരണം നടത്തുന്നതിന് ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാഫ് (SAF-Society for Assistance to Fisherwomen) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവര ശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br>കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയാണ്. നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ഭൂദാനം കോളനിയിൽ 2019 - ലെ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 67 കുടുംബങ്ങൾക്ക് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിന് സർക്കാർ അനുമതി ആയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**